**03-12-2014**

**പക്ഷിപ്പനി രോഗപ്രതിരോധ പ്രവർത്തനങ്ങളെക്കുറിച്ചുള്ള 03-12-2014 ലെ റിപ്പോർട്ട്**

- ആലപ്പുഴ ജില്ലയിൽ 19294 വീടുകൾ സന്ദർശിച്ച് 77644 ജനങ്ങളെ നിരീക്ഷണവിധേയ രാക്കി. ഇതിൽ 523 പേർക്ക് ലഘുവായ പനിയുടെ ലക്ഷണം കണ്ടതിനെ തുടർന്ന് ചികി ത്സാനടപടികൾ കൈക്കൊണ്ടു. ഇവരിലാർക്കും തന്നെ പക്ഷിപ്പനി ലക്ഷണങ്ങ ളുള്ളതായി കണ്ടെത്തിയിട്ടില്ല.
- കോട്ടയം ജില്ലയിൽ 12015 വീടുകൾ സന്ദർശിച്ചു. 47524 ജനങ്ങളെ നിരീക്ഷണ വിധേയരാ ക്കി. ഇവരിൽ 38 പേർക്ക് പനിയുടെ ലക്ഷണം കണ്ടെത്തി. എന്നാൽ ആർക്കും തന്നെ പക്ഷിപ്പനി ലക്ഷണങ്ങൾ കണ്ടെത്തിയിട്ടില്ല.
- പത്തനംതിട്ട ജില്ലയിൽ 572 വീടുകൾ സന്ദർശിച്ചു 1965 ജനങ്ങളെ നിരീക്ഷിക്കുകയും ഇവരിൽ 13 പേർക്ക് ലഘുവായി പനി ലക്ഷണം കണ്ടെത്തുകയും ചെയ്തു. എന്നാ ലാർക്കും തന്നെ പക്ഷിപ്പനി ഉള്ളതായി കണ്ടെത്തിയിട്ടില്ല.
- ഇന്നേദിവസം എല്ലാജില്ലകളിലും കൂടി ആരോഗ്യവകുപ്പ് ടീമുകൾ 32433 വീടുകൾ സന്ദർശിച്ചു 129431 പേരെ നിരീക്ഷിക്കുകയും ചെയ്തു. ഇതിൽ 581 പേർക്ക് പനിയുടെ ലക്ഷണം കണ്ടിരുന്നു. പക്ഷെ ആർക്കും തന്നെ പക്ഷിപ്പനിയുടെ ലക്ഷണം കണ്ടെത്തി യില്ല.
- വിവിധ ജില്ലകളിലെ ആരോഗ്യവകുപ്പ് ടീമുകൾ പക്ഷിപ്പനിയുടെ പ്രതിരോധപ്രവർത്തന ങ്ങൾ തുടങ്ങിയ ദിവസം മുതൽ ഇന്നുവരെ 204515 വീടുകൾ സന്ദർശിക്കുകയും 731494 ജനങ്ങളെ നിരീക്ഷണ വിധേയരാക്കുകയും ചെയ്തു. ഇവരിൽ 2103 പേർക്ക് ലഘുവായ പനിയുടെ ലക്ഷണം കണ്ടെത്തിയിരുന്നു. ഇതുവരെ ആരിലും തന്നെ പക്ഷിപ്പനി ഉള്ള തായി സ്ഥിരീകരിച്ചിട്ടില്ല.

**അഡീഷണൽ ഡയറക്ടർ ഓഫ് ഹെൽത്ത് സർവീസസ് (പൊതുജനാരോഗ്യം)**